**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **08-08-2023 - ൽ മറുപടിയ്ക്ക്**

**ആംബുലൻസ് ഡ്രൈവർമാർ അമിത വാടക ഈടാക്കുന്നതിനെതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അപകടങ്ങളും അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ പൊതുജനങ്ങൾ ആശ്രയിക്കുന്ന ആംബുലൻസുകളിലെ ചില ഡ്രൈവർമാർ നിർദ്ധനരായ രോഗികളിൽ നിന്നും കണക്കില്ലാത്ത വാടക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ താല്ക്കാലിക ജീവനക്കാരനായ ഡ്രൈവർ കൂടുതൽ വാടക ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ആരോപണം ഉണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തി ടിയാനെ സേവനത്തിൽ നിന്ന് പിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. കനിവ് 108 എന്ന പദ്ധതിയിലൂടെ സർക്കാർ കേരളമൊട്ടാകെ 315 ആംബുലൻസുകളുമായി സൗജന്യ സേവനമാണ് നൽകിവരുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ആയത് തടയുന്നതിന് വേണ്ടി വാടക സംബന്ധിച്ച് കൃത്യമായ മാർഗനിർദേശങ്ങൾ നൽകുമോ; അമിത വാടക ഈടാക്കുന്ന ഇത്തരം ഡ്രൈവർമാർക്കും സ്ഥാപനങ്ങൾക്കും എതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | സ്വകാര്യ ആശുപത്രികളുടെ ആംബുലൻസ് വാടക നിശ്ചയിക്കുന്നത് ആർ.ഡി.ഒ.യും സർക്കാർ ആശുപത്രികളുടേത് ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റിയും ആണ്. നിശ്ചയിച്ചതിലും കൂടുതൽ വാടക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ താത്കാലിക ജീവനക്കാരനാണെങ്കിൽ പിരിച്ചു വിടുകയും സ്ഥിരജീവനക്കാരനാണെങ്കിൽ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. സ്വകാര്യ ആംബുലൻസുകളാണെങ്കിൽ പരാതി തുടർനടപടിക്കായി ജില്ലാ പോലീസ് മേധാവിയെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ